LIBRARY ARCHIVES Kerala Legislative Assembly

പൊന്തൻപുഴ-വലിയകാവ് വനമേഖലയിലെ വനവിഭവങ്ങളും വനത്തിലേക്കു വെട്ടിയ വഴിയും

116 [1250] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന പൊന്തൻപുഴ-വലിയകാവ് വനമേഖലയിലെ വനോൽപ്പന്നങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത വിഭവങ്ങൾക്ക് മരമുൾപ്പെടെ എന്തു വില വരും;

(സി) ഈ വനമേഖലയിൽ എത്ര കുടുംബങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) വനത്തിലേയ്ക്ക് സ്വകാര്യവ്യക്തികൾ വഴി വെട്ടിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ഇ) വഴി വെട്ടുന്നതിന് അനുവാദം വാങ്ങിയിരുന്നോ എന്നും എന്തിനു വേണ്ടിയാണ് ഈ വഴി വെട്ടിയത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതിദത്ത വനങ്ങളിൽ സാധാരണ കാണപ്പെടുന്ന ഈട്ടി, തേക്ക്, തേമ്പാവ്, മരുതി, കുളമാവ്, മുള്ളുവേങ്ങ, മഹാഗണി, ആഞ്ഞിലി, പ്ലാവ്, പുളി, മണിമരുത്, വെന്തേക്ക്, മരോട്ടി, വെട്ടി, ഇലവ്, ചീനി തുടങ്ങിയ വൃക്ഷ ഇനങ്ങളും, ജന്തുക്കളും, ഔഷധ സസ്യങ്ങളും കൂടാതെ തേൻ, ഈറ്റ, മുള തുടങ്ങിയവും ഇവിടെ ലഭ്യമാണ്.

(ബി) കൃത്യമായ വില തിട്ടപ്പെടുത്തിയിട്ടില്ല. ഏകദേശം 90 കോടി രൂപയോളം വില വരും.

(സി) 1114 കുടുംബങ്ങൾ ഉണ്ട്.

(ഡി) ഇല്ല.

(ഇ) (ഡി)-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

തിരുവനന്തപുരം ജില്ലയിലെ ഫോറസ്റ്റ്ഗാർഡ് നിയമനം

117 [1251] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-5-2000-ൽ നിലവിൽ വന്ന തിരുവനന്തപുരം ജില്ലയിലെ ഫോറസ്റ്റ്ഗാർഡ് റാങ്ക്ലിസ്റ്റിൽ നിന്നും പി.എസ്.സി. വഴി നാളിതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;